**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **14-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ ആർ.സി. നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനങ്ങളുടെ വ്യാജ ആർ.സി. നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണ്; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. വടകര പി.എസ് ക്രൈം നമ്പർ 10/2023 U/s 465,468, 471 IPC.<br>2. തിരൂരങ്ങാടി പി.എസ് ക്രൈം നമ്പർ 829/2024 U/s 468, 406, 471, 419 & R/w 34 IPC |
| (ബി) | തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട 829/2024 എഫ്.ഐ.ആർ- ലെ അന്വേഷണം ഏതു ഘട്ടത്തിലാണ്; | (ബി) | ഈ കേസിന്റെ പ്രാഥമിക അന്വേഷണം നടത്തിയത് തിരൂരങ്ങാടി ഇൻസ്പെക്ടർ SHO ആണ്. നിലവിൽ അന്വേഷണം മലപ്പുറം സി ബ്രാഞ്ച് DySP - ക്ക് കൈമാറിയിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) | വ്യാജ ആർ.സി. നിർമ്മാണത്തിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (സി) | വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ഓൺലൈൻ വഴി ഫേസ് ലെസ്സായി ലഭിക്കുന്ന അപേക്ഷകളിൽ രേഖകൾ പരിശോധിക്കേണ്ടതില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ഡി) | പുറപ്പെടുവിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് ഇതുവരെ എത്ര വ്യാജ ആർ.സി. കൾ കണ്ടെത്തിയിട്ടുണ്ട്; | (ഇ) | ഓൺലൈനായി ഏഴ് വാഹനങ്ങളുടെ വ്യാജ രേഖകൾ upload ചെയ്ത സംഭവം സംബന്ധിച്ച് ക്രൈം നമ്പർ 829/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (എഫ്) | തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിന് കീഴിൽ നിർമ്മിക്കപ്പെട്ട ആർ.സി.കൾ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; എന്തുകൊണ്ടാണ് റദ്ദാക്കിയത്? | (എഫ്) | 7 ആർ.സി. കളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ, അനുവദിച്ച ആർ.സി.കൾ റദ്ദ് ചെയ്ത് വാഹനത്തിന്റെ ഡാറ്റ പഴയ വാഹന ഉടമയുടെ പേരിൽ restore ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ